ഉദ്യോഗസ്ഥർക്ക് സംഘങ്ങളിൽ ഉപയോഗിക്കുന്ന സോഫ്റ്റ്‌വെയർ സംബന്ധിച്ച് പരിശീലനം നൽകുന്നതാണ്. ഓഡിറ്റ് കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിലേയ്ക്കായി സഹകരണ നിയമം, ചട്ടം, ഓഡിറ്റ് മാന്വൽ എന്നിവയിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തുന്നതും സർക്കുലർ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നതുമാണ്. സംഘങ്ങളിൽ നിലവിലുള്ള അക്കൗണ്ടിംഗ് സമ്പ്രദായവും നിലവിലുള്ള ഓഡിറ്റ് നോട്ട്, ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവ കാലോചിതമായും ആധുനിക അക്കൗണ്ടിംഗ് രീതികൾക്കും കമ്പ്യൂട്ടർ അധിഷ്ഠിത അക്കൗണ്ടിംഗ്, ഓഡിറ്റ് സമ്പ്രദായങ്ങൾക്കും അനുസരണമായി പരിഷ്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**സഹകരണ വിജിലൻസ് ശക്തിപ്പെടുത്താൻ നടപടി**

270(5429) ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെ കാണുന്ന ചോദ്യത്തിന് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സഹകരണ സംഘങ്ങളിലെ വായ്പാ തട്ടിപ്പ് തടയുന്നതിന് സഹകരണ വിജിലൻസ് സംവിധാനം ശക്തിപ്പെടുത്താൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

സഹകരണ സംഘങ്ങളുടെ പ്രവർത്തനങ്ങളിൽ അഴിമതിയും ഗുരുതരമായ സാമ്പത്തിക ക്രമക്കേടുകളും ആരോപിക്കപ്പെട്ട് ലഭിക്കുന്ന പരാതികളിന്മേൽ സഹകരണ നിയമം വകുപ്പ് 68(എ) പ്രകാരം പ്രവർത്തിച്ചു വരുന്ന സഹകരണ വിജിലൻസ് സംവിധാനത്തിലൂടെ അന്വേഷണം നടത്തുകയും അന്വേഷണ റിപ്പോർട്ടിലെ ശിപാർശകളുടെ അടിസ്ഥാനത്തിൽ സത്വരമായ തുടർനടപടികൾ സ്വീകരിച്ചുവരുകയും ചെയ്യുന്നു. സഹകരണ വിജിലൻസിലെ അന്വേഷണ ഉദ്യോഗസ്ഥരായ പോലീസ് ഉദ്യോഗസ്ഥർക്ക് സഹകരണ നിയമങ്ങളിലും ചട്ടങ്ങളിലും ആവശ്യമായ പരിശീലനം നൽകി സഹകരണ വിജിലൻസ് സംവിധാനത്തെ കൂടുതൽ കാര്യക്ഷമമാക്കിയിട്ടുണ്ട്. കൂടാതെ സഹകരണ വിജിലൻസിനെ കൂടുതൽ കാര്യക്ഷമമാക്കുന്നതിനാവശ്യമായ നിയമഭേദഗതി സർക്കാർ നടപ്പാക്കുന്നതാണ്.

**നിക്ഷേപകർ അകലുന്നത് തടയാൻ നടപടി**

271(5430) ശ്രീ. ഷാഫി പറമ്പിൽ: താഴെ കാണുന്ന ചോദ്യത്തിന് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നിക്ഷേപങ്ങൾക്ക് സുരക്ഷിതത്വം ഇല്ലാത്തതിനാൽ നിക്ഷേപകർ സഹകരണ മേഖലയിൽനിന്ന് അകന്നുപോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly